# എസ്.എസ്.എൽ.സി മാതൃകാപരീക്ഷ -2022

## അടിസ്ഥാന പാഠാവലി

പരമാവധി സ്കോർ : 40 സമയം : ഒന്നരമണിക്കൂർ

**പാർട്ട് I A**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വീതം)(4x1=4)**

1 തിരുവനന്തപുരത്തെ സർക്കാർ ഉദ്യോഗസ്ഥരുടെ ജീവിതം പ്രമേയമാക്കിയ തകഴിയുടെ നോവൽ ഏത് ?

a.രണ്ടിടങ്ങഴി

b.കയർ

c.ഏണിപ്പടികൾ

d.ചെമ്മീൻ

2 ശാഖോപശാഖ-ശാഖയും ഉപശാഖയും

മാതൃക പോലെ മാറ്റി എഴുതുക - **മന്ത്രതന്ത്രങ്ങൾ**

a.മന്ത്രമാകുന്ന തന്ത്രങ്ങൾ.

b.മന്ത്രവും തന്ത്രവും.

c.മന്ത്രത്തിൻറെ തന്ത്രം.

d.മന്ത്രം എന്ന തന്ത്രം.

3 പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ട്

അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥ സൂചന എന്ത്?

a.കാലോചിതമായ പാട്ട്.

b.കാലത്തിന്റെ പാട്ട്.

c.കാലഹരണപ്പെട്ട പാട്ട്.

d. കാലത്തിനൊത്ത പാട്ട്.

4 താഴെക്കൊടുത്തിരിക്കുന്നവയിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം വിശകലനം ചെയ്യുന്ന പാഠഭാഗം.

a.കോഴിയും കിഴവിയും.

b.ഓണമുറ്റത്ത്.

c.പ്ലാവിലക്കഞ്ഞി.

d.കൊച്ചു ചക്കരച്ചി.

5 പിച്ചിയതാര് കരിഞ്ഞൊരീ കൈകളോ? - അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?

a.അമ്മ മകനെ പിച്ചിയതിലുള്ള ഓർമ്മ.

b.അരുതാത്തത് ചെയ്യുന്നതിലുള്ള കുറ്റബോധം.

c.അമ്മയെ കുറിച്ചുള്ള ഓർമ്മകൾ.

d.അമ്മയുടെസ്നേഹം.

6 "അതോർത്ത് ഞ്ഞ് വെഷമിക്കേണ്ട.ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്കു തോന്നീട്ടില്ല" -(ഓരോ വിളിയും കാത്ത്) - അമ്മ ഇങ്ങനെ പറയാൻ കാരണമെന്ത് ?

a.മകന്റെ കൂടെ താമസിക്കുന്നതു കൊണ്ട്

b.വീട്ടിലെ കാര്യങ്ങൾ കണാരനെ ഏൽപ്പിച്ചതുകൊണ്ട്.

c.മകനോടൊപ്പം നഗരത്തിലേക്ക് പോകുന്നതുകൊണ്ട്.

d.അച്ഛന്റെ സാന്നിധ്യം വീട്ടിലുണ്ടെന്ന് കരുതുന്നതു കൊണ്ട്.

**7 മുതൽ 9 വരെയുളള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഒരുസ്കോർ വീതം)(3x1=3)**

**പാർട്ട് 1 B**

7 ചാക്കുണ്ണി ജീവന് തുല്യം സ്നേഹിച്ച റേഡിയോ പണയം വെക്കാനുണ്ടായ സാഹചര്യം എന്ത്?.

a.തന്റെ കടം വീട്ടാൻ

b.ഭാരിച്ച ചികിത്സാചെലവ്

c.പുത്രനോടുള്ള വാത്സല്യം

d.വീട്ടിലെ ദാരിദ്ര്യം

8 ഓരോന്നിനോരോമൊഴിച്ചന്ത,മമ്മയാം

നേരിൻറെയീണവും താളവുമിമ്പവും " _

ഈ വരികളിൽ കവി എന്തിനെയാണ് സൂചിപ്പിക്കുന്നത്?

a.അമ്മയുടെ എഴുത്തിനെ.

b.മലയാള കാവ്യപാരമ്പര്യത്തെ.

C. മാതൃഭാഷയുടെ മഹത്വത്തെ.

d.അമ്മയുടെ സ്നേഹത്തെ.

9 "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം,അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്." ഈ വരികളിൽ തെളിയുന്ന ഭാവമെന്ത്?

a പരിഹാസം

b കോപം

c വെറുപ്പ്

d ആദരവ്

**പാർട്ട് II A**

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക (സ്കോർ 2 ) (1x2=2)**

10 **അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റുക**

അയൽ വീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കം വരികയില്ല . അയാളുടെ ഭാര്യക്കും അങ്ങനെ തന്നെ.

### പാർട്ട് II B

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക (2 സ്കോർ വീതം) (1 x 2=2)**

11 "നന്മകൾ കേട്ടു കണ്ടതുചൊല്ലാൻ നാക്കിനു കഴിയട്ടെ
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിന് കഴിയട്ടെ."
ഈ വരികളിൽ തെളിയുന്ന ഏതെങ്കിലും രണ്ട് ആശയങ്ങൾ എഴുതുക.

12 മൂന്നു പതിറ്റാണ്ടായി ന്യൂകോർത്ത് കുഴിഞ്ഞു പോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു. - പണയം
അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

### പാർട്ട് III A

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക(3 സ്കോർ വീതം)(3x3=9)**

13 "ഞാനെങ്ങന്യാ മോനേ വര്വാ....അച്ഛൻ എപ്പോഴും എന്നെ വിളിച്ചോണ്ടിരിക്കയാ ....... ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ - (ഓരോ വിളിയും കാത്ത്) അച്ഛനെക്കുറിച്ചുള്ള സമ്പന്നമായ ഓർമ്മകളാണ് ഓരോ വിളിയും കാത്ത് എന്ന കഥയെ ഭാവസാന്ദ്രമാക്കുന്നത് .
ഓർമ്മകളിലൂടെ തെളിയുന്ന അച്ഛനെക്കുറിച്ച് നിരൂപണം തയ്യാറാക്കുക?

14 " അങ്ങനെ എന്തെല്ലാം മന്ത്രതന്ത്രങ്ങൾ - ഉപാസനകൾ - മാവിൻ ചോട്ടിൽ നടന്നിരുന്നു . ഇന്ന് മാങ്ങ മരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ' അവർ അറിയാനിടയില്ല.

പണ്ടത്തെ കുട്ടികൾ മാവിൻ ചോട്ടിൽ ഒത്തുകൂടി നടത്തിയിരുന്ന വിനോദങ്ങൾ കൊച്ചുചക്കരച്ചി എന്ന പാഠഭാഗത്ത് ഉദയഭാനു അവതരിപ്പിക്കുന്നുണ്ടല്ലോ . ഇന്നത്തെ കുട്ടികൾ അതൊന്നും അറിയാൻ ഇടയില്ല എന്നും പറയുന്നു. - ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിലയിരുത്തി കുറിപ്പു തയാറാക്കുക.

15 "അരിയിട്ട് തിളപ്പിച്ച കഞ്ഞി കുടിക്കണം.
അവസാനത്തെ ആഗ്രഹം"- (രണ്ടിടങ്ങഴി). കേരളത്തിലെ അടിയാള ജീവിതദൈന്യത്തിന്റെ നേർ ചിത്രമാണോ പ്ലാവിലക്കഞ്ഞി?. - പ്രതികരണക്കുറിപ്പ് തയാറാക്കുക.

16 "നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു -
മോണക്കോടിയുടുത്തൊരുഷസ്സേ," - ഓണമുറ്റത്ത്

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയെഴുതുക?

### പാർട്ട് III B

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക (3 സ്കോർ ) (1x3=3)**

17 ശ്രീനാരായണഗുരുവിന്റെ ഏതെങ്കിലും രണ്ട് സന്ദേശങ്ങൾ എഴുതി അവ ഇക്കാലത്ത് എത്രമാത്രം പ്രസക്തമാണെന്ന് വിശദമാക്കുക?

## പാർട്ട് IV A

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക(4 സ്കോർ വീതം) (2x4=8)**

18 നന്മകൾ നിറഞ്ഞ ഗ്രാമീണ ജീവിതവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധവുമാണല്ലോ കൊച്ചുചക്കരച്ചിയിൽ ആവിഷ്കരിച്ചിരിക്കുന്നത്. - ഇത്തരത്തിലുള്ള ബന്ധം ഇന്ന് നിലനിൽക്കുന്നുണ്ടോ? നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

19 “ഭർത്താവിനെ ഊട്ടാൻ ശ്രമിക്കുന്ന ഭാര്യയേയും ഭാര്യയെ കരുതലോടെ പരിഗണിക്കുന്ന ഭർത്താവിനേയും പ്ലാവിലക്കഞ്ഞിയിൽ കാണാം.” ഉചിതമായ കഥാസന്ദർഭങ്ങൾ കണ്ടെത്തി പ്രസ്താവന വിശകലനം ചെയ്യുക ?

20 'നീരറ്റു വറ്റി വരണ്ട കൈച്ചുള്ളികൾ'
'മങ്ങി പഴകിയ പിഞ്ഞാണ വർണം'
'കരിന്തിരിയാളുക' – അമ്മത്തൊട്ടിൽ എന്ന കവിതയുടെ ആശയം വിനിമയം ചെയ്യാൻ ഇത്തരം പ്രയോഗങ്ങൾ പര്യാപ്തമാണോ വിശകലനം ചെയ്തു കുറിപ്പെഴുതുക

## പാർട്ട് IV B

**21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക (4 സ്കോർ വീതം)(1x4=4)**

21 "പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്." ജഫേഴ്സന്റെ ഈ അഭിപ്രായം, സമകാലിക പത്രപ്രവർത്തനവുമായി ബന്ധിപ്പിച്ച് വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയാറാക്കുക.

22 "നെനക്കറിയാലോ,കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല്യ."ചെമ്പു മത്തായിയുടെ ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

## പാർട്ട് V A

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക (5 സ്കോർ വീതം)(1x5=5)**

23 "ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് .” വർത്തമാന കാലത്ത് ഈ പ്രസ്താവന എത്രമാത്രം പ്രസക്തമാണെന്ന് ചർച്ചചെയ്ത് ലേഖനം തയ്യാറാക്കുക.

24 "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും,മടങ്ങാതെ
വയ്യ,തലയ്ക്കകത്തെന്തോ പെരുക്കുന്നു"

(അമ്മത്തൊട്ടിൽ)

കേരളത്തിലെ മാറുന്ന കുടുംബ ബന്ധങ്ങളുടെ നേർചിത്രമാണോ അമ്മത്തൊട്ടിൽ എന്ന കവിതയിൽ വരച്ചു വെച്ചിരിക്കുന്നത്. സ്വന്തംനിലപാട് വ്യക്തമാക്കി 'സമകാലിക കേരളീയ സമൂഹത്തിലെ കുടുംബബന്ധങ്ങൾ ' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയ്യാറാക്കുക?

# എസ്.എസ്.എൽ.സി മാതൃകാപരീക്ഷ -2022

## അടിസ്ഥാനപാഠാവലി

പരമാവധി സ്കോർ : 40 സമയം : ഒന്നരമണിക്കൂർ

**പാർട്ട് I A**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വീതം)(4x1=4)**

1 അന്ന പാതിരാ വരെ കോരൻ ആ ചക്രവും മടിയിലിട്ട് അരി അന്വേഷിച്ച് ഊന്നി നടന്നു.

അടിവരയിട്ട പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

a.അലഞ്ഞു നടക്കുക

b .വടിയൂന്നി നടക്കുക

c.അലസമായി നടക്കുക.

d.വള്ളമൂന്നി നടക്കുക.

2 ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു." - ശബ്ദങ്ങളുടെ കരിയിലകൾ എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കപ്പെടുന്നതെന്ത്?

a.തളർന്ന ശബ്ദം

b. അമ്മയുടെ മൗനം

c.അച്ഛന്റെ ശബ്ദ സാന്നിദ്ധ്യം

d.വീടിന്റെ മൗനം.

3 "ആരാണു മുന്നിൽ, പുറത്തേക്കശാന്തനാ-

യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ?" - വരികൾ കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

a.ഈശ്വരൻ എല്ലാറ്റിനും സാക്ഷിയാണ്.

b. മകന്റെ പ്രവൃത്തിയിൽ ഈശ്വരൻ പോലും അശാന്തനാണ്.

c.ഈശ്വരൻ കാറ്റു കൊള്ളാൻ ഇറങ്ങിപ്പോയി.

d.അമ്മയെക്കാണാൻ ഈശ്വരൻ പുറത്തുവന്നു.

4 കമുകിൻ പൂവരി എന്നത് കമുകിന്റെ പൂവരി എന്നെഴുതാം. എങ്കിൽ കൊതിയ സമാജം എന്ന പ്രയോഗത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നത് ഏത്?

a.കൊതിയന്റെ സമാജം

b.കൊതിയുള്ളവരുടെ സമാജം

c. കൊതിയന്മാരുടെ സമാജം

d.കൊതിക്കുന്നവരുടെ സമാജം

5 മലരിൻകുട നിറച്ച് മേടുകൾ തോറും വിറച്ചു നിൽക്കുന്നത് ആര്?

a.ആമ്പൽ.

b. മുക്കുറ്റി.

c. തുമ്പ.

d .കമുക് .

6 " മകനേ മൂട്ട മറക്കരുത്." -(മത്തായിയുടെ അമ്മ - കോഴിയും കിഴവിയും) ഈ പഴഞ്ചൊല്ലിന്റെ ആശയത്തിന് ഏറ്റവും അനുയോജ്യമായത് കണ്ടെത്തുക.

a.പാലു കൊടുത്തകൈക്കു തന്നെ കൊത്തുക

b.വന്നവഴി മറക്കരുത്.

c.തലമറന്ന് എണ്ണ തേക്കരുത്.

d.വിതച്ചതേ കൊയ്യൂ

**7 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (1 സ്കോർ വീതം) (3x1=3)**

**പാർട്ട് 1 B**

7 ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായ കർമ്മപരിപാടിയായി കുറ്റിപ്പുഴ കൃഷ്ണപിള്ള ചൂണ്ടിക്കാണിക്കുന്നതെന്ത്?

a.അയിത്തോച്ചാടനം

b.അന്ധവിശ്വാസങ്ങളെ തുടച്ചു നീക്കൽ.

c.അധഃകൃതവർഗ്ഗോദ്ധാരണം

d.വിദ്യാഭ്യാസം

8 ചെമ്പുമത്തായിയുടെ സ്വഭാവത്തിന് യോജിക്കാത്തത് ഏത് ?

a.മക്കളെ തല്ലി വളർത്തണമെന്ന പക്ഷക്കാരൻ

b. പണത്തോട് ആർത്തിയുള്ളവൻ

c. മാനുഷിക മൂല്യങ്ങൾക്ക് വില കല്പിക്കാത്ത

d.കലാഹൃദയമുള്ളവൻ.

9 "സ്വേച്ഛാധിപതി പോലും പത്രത്തെ ബഹുമാനിക്കുന്നു" - സുകുമാർ അഴീക്കോട് ഇങ്ങനെ നിരീക്ഷിക്കുവാനുള്ള കാരണം ?

a.സ്വേച്ഛാധിപതി പത്രം നിരോധിക്കും.

b.സ്വേച്ഛാധിപതി പത്രത്തെ ഭയക്കുന്നു

c.സ്വേച്ഛാധിപതി പത്രത്തിന്റെ ശക്തി അറിയുന്നു

d.സ്വേച്ഛാധിപതി പത്രം ഇഷ്ടപ്പെടുന്നു.

**പാർട്ട് II A**

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക (2 സ്കോർ ) (1x2=2)**

10 എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു.

പഴയ കാലത്ത് ഒരു കോടി ഉടുക്കാൻ കൊതിച്ചിരുന്ന മനുഷ്യർ ഉണ്ടായിരുന്നു.
അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക.

**പാർട്ട് II B**

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക (2 സ്കോർ വീതം)( 2x1=2))**

11 'അത് ലോകത്തെ നമ്മുടെ മടിയിലെത്തിക്കുമ്പോൾ, നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുമ്പിലും എത്തിക്കുന്നു' - പത്രനീതി.

പത്രത്തെക്കുറിച്ചുള്ള ഈ നിരീക്ഷണത്തിൽ തെളിയുന്ന ഏതെങ്കിലും രണ്ട് ആശയങ്ങൾ എഴുതുക

12 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിൽ നിങ്ങളെ സ്പർശിച്ച ഏതെങ്കിലും രണ്ട് ആശയങ്ങൾ കണ്ടെത്തിയെഴുതുക.

**പാർട്ട് III A**

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക (3 സ്കോർ വീതം)(3x3=9)**

13 അങ്ങനെ പാതിരക്ക ശേഷം ആ കുടിലിൽ വെളിച്ചമുണ്ടായി.( പ്ലാവിലക്കഞ്ഞി ) വരികളിൽ തെളിയുന്ന അർത്ഥസൂചനകൾ എഴുതുക.

14 "നെന്റെ വീട്ടിലിരുന്നാൽ കുമൻ മൂളുന്ന ഒച്ച കേക്കോ നിയ്യ് ?"
"ഇല്ലച്ചമ്മേ .ഒന്നും കേക്കില്ല. ടിവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ."
ഈ വരികളിലൂടെ വ്യക്തമാക്കപ്പെടുന്ന മാനസികാവസ്ഥ രണ്ടോ മൂന്നോ വാക്യങ്ങളിൽ എഴുതുക.

15 കൊച്ചു ചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്ത് വരുത്തുകയില്ല.- അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ള ആത്മബന്ധം കഥയിൽ അനാവൃതമാകുന്നത് എങ്ങനെ?

16 "പഴയൊരു പുള്ളുവനാണല്ലോ ഞാൻ."-ഓണമുറ്റത്ത്
താൻ പുള്ളുവനാണെന്ന് കവി പറയുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

**പാർട്ട് III B**

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക (3 സ്കോർ ) (1x3=3)**

17 ആരു തേടും? നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനമ്മയെ വേണ്ടായിരിക്കുമോ? - (അമ്മയുടെ എഴുത്തുകൾ)
കവിയുടെ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**പാർട്ട് IV A**

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (4 സ്കോർ വീതം)(2x4=8)**

18 "ഏന്ദ മേണ്ട.

എന്നാല് ഏനം കടിക്കത്തില്ല.

ഏന് മയറ്റില് ഒരു കമ്പിതമെടീ .”

അവൾ പറഞ്ഞു, "ഇത് കഞ്ഞി കടിക്കന്ന ബാവമേ ഉള്ളൂ.”

"അല്ലെടീ ഏൻ കടിക്കവാ.”

ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിലും പരസ്പര സ്നേഹവും സഹകരണവും സൂക്ഷിക്കുന്ന കഥാപാത്രങ്ങളാണ് പ്ലാവിലക്കഞ്ഞി എന്ന കഥയിലെ ചിരുതയും കോരനും .

കുടുംബബന്ധങ്ങളിലെ ഊഷ്മളഭാവങ്ങളാണ് പാഠഭാഗത്ത് നിറയുന്നത്. ഇത്തരം സ്നേഹബന്ധങ്ങൾ ഇക്കാലത്ത് നിലനിൽക്കുന്നുണ്ടോ.? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

19 സ്വയംചത്തും മാവിനെ കാത്തു രക്ഷിച്ച പോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം തോൽപ്പിച്ച് ഓടിച്ചുകളഞ്ഞു. - പ്രകൃതി സംരക്ഷണത്തിന്റെ ഈ പാഠം പുതുതലമുറയ്ക്ക് മാതൃകയാണോ? - പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

20 "പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു

പാട്ടാണെന്നു പഴിക്കാമിന്നു പ-

രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ-(ഓണമുറ്റത്ത് )

ഉപഭോഗപരതയുടെ വർത്തമാന കാലത്ത് ഓണസങ്കല്പങ്ങൾക്ക് വന്ന മാറ്റങ്ങൾ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു. വിശദമാക്കുക.

## പാർട്ട് IV B

**21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക(4 സ്കോർ വീതം)(1x4=4)**

21 സാർവ്വലൗകികത്വം ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയാണ്. ചക്രവാളം പോലെ അടുക്കുന്തോറും അവ കൂടുതൽ അർത്ഥ വിസ്തൃതമാകും. -

ഗുരുദർശനങ്ങളുടെ സമകാലിക പ്രസക്തി പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

22 " ഈ റേഡിയോം പാട്ടുക്കെ ഇനിക്കത്ര പിടിത്തല്ല്യാ.മന്ഷ്യരെ മെനക്കെട്ത്കാൻ ഓരോ ഏർപ്പാടോള് - ?ആ നേരം വല്ല പണീം എട്ത്താല് നാല് കാശ്ണ്ടാക്കാം.(പണയം)

പണമുണ്ടാക്കാൻ നെട്ടോട്ടമോടി ജീവിക്കാൻ മറന്നു പോകുന്നവരുടെ പ്രതിനിധിയാണോ ചെമ്പുമത്തായി.? -പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

## പാർട്ട് V A

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക (5 സ്കോർ വീതം)(1x5=5)**

23 റയിൽവേസ്റ്റേഷനിൽ അമ്മയെ ഉപേക്ഷിച്ച് മകൻ കടന്നു കളഞ്ഞു. -പത്രവാർത്ത. പത്രവാർത്തയും അമ്മത്തൊട്ടിൽ എന്ന കവിതയിലെ ആശയങ്ങളും വിലയിരുത്തി വൃദ്ധരായ മാതാപിതാക്കളോടുള്ള സമീപനം എങ്ങനെയായിരിക്കണം എന്നതിനെ കുറിച്ച് പ്രഭാഷണം തയ്യാറാക്കുക.

24 ആസ്വാദനക്കുറിപ്പ് തയാറാക്കുക

**മതിൽ**

ഈ മതിൽ കെട്ടിയുയർത്തിയത്
പ്രിയപ്പെട്ട അയൽക്കാരാ
നീ കരുതും പോലെ
ബന്ധം അറ്റുപോയതിന്റെ തെളിവല്ല.
അതിർത്തിത്തർക്കമോ
അടിപിടി ബഹളമോ
മീനിനും കള്ളിനുമൊപ്പം
അകത്തേക്ക് വരുമെന്ന് പേടിച്ചുമല്ല
നിന്റെ കുഞ്ഞുങ്ങളോ
കോഴിക്കുഞ്ഞുങ്ങളോ
വന്നെന്റെ തോട്ടം മുടിക്കുമെന്ന്
വിചാരിച്ചിട്ടുമല്ല
പണവും പദവിയും കൂടിയതിലുള്ള
പൊങ്ങച്ചവുമല്ല
എന്തൊരേകാന്തതയെന്നു പിറുപിറുത്ത്
ഈ വീട്ടിൽ നിന്ന്
പാഞ്ഞു പോകാൻ വെമ്പുന്നവരോട്
പോകല്ലേ എന്ന വിലാപം മാത്രമാണ് ഈ മതിൽ
പട്ടി, കുട്ടി, പത്നി-
അതാ എല്ലാവരും പിന്നെയും മോങ്ങുന്നു.
ഞാനാ ഗേറ്റൊന്നടച്ചോട്ടെ **-സോമൻ കടലൂർ**